# രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം

## നടപടി

രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം – ബസ് കമ്മറ്റിയുടെ 20.08.2014 തീരുമാനപ്രകാരം കോളേജ് ബസുകളിലെ ഡ്രൈവറുകളേയും ബസ്ക്രൂവുകളേയും പുനർവിന്ന്യസിച്ചുകൊണ്ട് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

(എ4) സെക്ഷൻ

നമ്പർ. എ4/3931/14/ആർ.ഐ.ടി

തീയതി 22.08.2014

---

സൂചന – ശ്രീ. കെ. എൻ അനിൽകുമാർ, അസോസിയേറ്റ് പ്രൊഫസർ ആന്റ് ബസ് സെക്രട്ടറിയുടെ സമർപ്പണം.

## ഉത്തരവ്

ബസ് കമ്മറ്റിയുടെ 20.08.2014 ലെ തീരുമാനപ്രകാരം താഴെപ്പറയുന്ന കോളേജ് ബസുകളിലെ ഡ്രൈവർമാരുടേയും, ബസ്ക്രൂവുമാരുടേയും പുനർവിന്യാസവും, ചുമതലകളും സംബന്ധിച്ചുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | റൂട്ട് | ഡ്രൈവർ | ബസ്ക്രൂ |
|---|---|---|---|
| 01 | കറുകച്ചാൽ – ചങ്ങനാശ്ശേരി | ഷിജു | പ്രസാദ് പി. ജി. |
| 02 | ചിങ്ങവനം – ചങ്ങനാശ്ശേരി | രാജേന്ദ്രൻ | മധുകുമാർ |
| 03 | കോട്ടയം (ശാസ്ത്രി റോഡ്) | മനോജ്കുമാർ | ബിനു |
| 04 | കോട്ടയം (റയിൽവേ) | ഗോപാലകൃഷ്ണൻ | ബേബി |
| 05 | ഏറ്റുമാനൂർ | മധു | ലളിത |
| 06 | പാല | അനിൽകുമാർ | ജോഷി ജോസഫ് |
| 07 | കാഞ്ഞിരപ്പള്ളി | ജിനേഷ് | സുരേഷ് |

### ബസ് ഡ്രൈവറുടെ ചുമതലകൾ

(1) ബസ് എപ്പോഴും വൃത്തിയായി ഇരിയ്ക്കുന്നു എന്ന് ഉറപ്പ് വരുത്തുക.

(2) ബസ് യാത്ര പുറപ്പെടുന്നതിന് അര മണിയ്ക്കൂർ മുൻപ് മാത്രം കുട്ടികളെ ബസിനുള്ളിൽ കയറാൻ അനുവദിയ്ക്കുക.

(3) ബസിൽ കുട്ടികൾ കയറുമ്പോഴും ഇറങ്ങുമ്പോഴും ബസ് നിറുത്തിയിട്ടിരിയ്ക്കുന്നു എന്ന് ഉറപ്പ വരുത്തുക.

(4) കുട്ടികൾ ഫുഡ്ബോർഡിൽ നിന്ന് യാത്ര ചെയ്യുന്നില്ല എന്ന് ഉറപ്പ് വരുത്തുക.

(5) ബസിന് അനുവദിച്ചിട്ടുള്ള സ്റ്റോപ്പുകളിൽ മാത്രം നിർത്തുക.

(6) ബസിന് അനുവദിച്ചിട്ടുള്ള സമയം പാലിയ്ക്കുന്നു എന്ന് ഉറപ്പ് വരുത്തുക.

(മറുപുറം)

(7) കുട്ടികൾ അല്ലാത്തവരായ യാത്രക്കാരെല്ലാം ടിക്കറ്റ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുക. ടിക്കറ്റ് എടുക്കാതെ യാത്ര ചെയ്യുന്നുണ്ടെങ്കിൽ അധികാരികളെ അറിയിക്കുക. ടിക്കറ്റ് വാങ്ങുവാൻ ബസ് ക്രൂവിനെ സഹായിക്കുക.

(8) ബസിനുള്ളിൽ എല്ലാവരും അച്ചടക്കം പാലിയ്ക്കുന്നു എന്ന് ഉറപ്പ് വരുത്തുക.

<u>ബസ്ക്രൂവിന്റെ ചുമതലകൾ</u>

(1) ബസ് യാത്ര തുടങ്ങുന്നതിന് 5 മിനിറ്റെങ്കിലും മുൻപായി ബസ് പാർക്ക് ചെയ്യുന്ന സ്ഥലത്ത് എത്തേണ്ടതാണ്.

(2) ബസിൽ കുട്ടികൾ കയറുമ്പോഴും ഇറങ്ങുമ്പോഴും ബസ് നിർത്തി ഇട്ടിരിയ്ക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

(3) കുട്ടികൾ അല്ലാത്ത എല്ലാ യാത്രക്കാരിൽ നിന്നും ടിക്കറ്റ് വാങ്ങേണ്ടതാണ്.

(4) ടിക്കറ്റ് കൈവശം ഇല്ലാത്ത യാത്രക്കാർക്ക് നൽകാൻ കയ്യിൽ ടിക്കറ്റ് കരുതേണ്ടതാണ്.

(5) ഒരു മാസത്തിലെ എല്ലാ ദിവസങ്ങളിലും അതേ ബസിൽ തന്നെ ജോലി ചെയ്യേണ്ടതാണ്.

(6) ബസ് മറ്റ് വാഹനങ്ങളെ ഓവർടേക്ക് ചെയ്യുമ്പോഴും ഇടത് വശം ചേർത്ത് നിർത്തുമ്പോഴും ഡ്രൈവറെ സഹായിയ്ക്കുന്ന നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

(7) ബസ് ഓടികൊണ്ടരിയ്ക്കുമ്പോൾ ഫുഡ് ബോർഡിൽ കുട്ടികൾ നിൽക്കുന്നില്ല എന്നും ഡോറുകൾ അടഞ്ഞുകിടക്കുന്നു എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

(8) ബസിന്റെ യാത്രയിൽ ഉടനീളം ബസിൽ ഉണ്ടായിരിക്കേണ്ടതാണ്.

(9) ബസിനുള്ളിൽ കുട്ടികൾ അച്ചടക്കത്തോടെ ഇരിയ്ക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

(10) ബസ് അതിന്റെ യഥാർത്ഥ പാർക്കിങ്ങ് സ്ഥലത്ത് പാർക്ക് ചെയ്തതിനുശേഷം മാത്രമേ ബസിൽ നിന്നും വിട്ടുപോകുവാൻ പാടുള്ളൂ.

പ്രിൻസിപ്പാൾ

പകർപ്പ് – 1) എല്ലാ ബസ് ഡ്രൈവർമാർക്കും.

2) എല്ലാ ബസ്ക്രൂവുകൾക്കും.

3) ശ്രീ. കെ. എൻ. അനിൽകുമാർ, ബസ് സെക്രട്ടറി.

4) ഓഫീസ് കോപ്പി.